(ഡി) ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരാതി ലഭിക്കുമ്പോൾ അന്വേഷണം നടത്തി നടപടി സ്വീകരിക്കാറുണ്ട്.

(ഇ) ഉണ്ട്. സ.ഉ.(കൈ) 36/11/പൊ.വി. തീയതി 14-2-2011 (പകർപ്പ് അനുബന്ധമായി ചേർക്കുന്നു).

(എഫ്) ബാധകമല്ല.

അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

41 (1059) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് സ്കൂളുകളുടെ പേര് അടക്കമുള്ള വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമൂലം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ കുറയുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതി പിൻതുടരുന്നതും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ 308 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.* ഇതിന് പുറമേ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർസെക്കന്ററി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3-ലെ സ.ഉ.(കൈ) 863/15/പൊ.വി. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) അംഗീകാരം നൽകപ്പെട്ട സ്കൂളുകൾ വളരെ വർഷമായി പ്രവർത്തിച്ചുവരുന്നതാകയാൽ അംഗീകാരം നൽകുന്ന കാരണത്താൽ സമീപത്തെ സ്കൂളുകളിൽ കുട്ടികൾ കുറയാൻ സാധ്യതയില്ലായെന്ന് വിലയിരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly